STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.59/PR/SPMC/PHQ/2023 Date: 30.05.2023

**ഡി.ജി.പിമാരായ ഡോ.ബി.സന്ധ്യയും എസ്.ആനന്ദകൃഷ്ണനും ബുധനാഴ്ച വിരമിക്കുന്നു**

ഡി.ജി.പിമാരായ ഡോ.ബി.സന്ധ്യയും എസ്.ആനന്ദകൃഷ്ണനും ബുധനാഴ്ച സർവ്വീസിൽ നിന്ന് വിരമിക്കും.

1988 ബാച്ച് ഐ.പി.എസ് ഓഫീസർ ആയ സന്ധ്യ പാല സ്വദേശിയാണ്. ആലപ്പുഴ സെന്റ് ആന്റണീസ് ജി.എച്ച്.എസ്, ഭരണങ്ങാനം എസ്.എച്ച്.ജി.എച്ച്.എസ് എന്നിവിടങ്ങളിലെ പ്രാഥമിക വിദ്യാഭ്യാസത്തിന്ശേഷം പാല അൽഫോൺസ കോളേജിൽ നിന്ന് റാങ്കോടെ എം.എസ്.സി ബിരുദം നേടി. മത്സ്യഫെഡിൽ പ്രോജക്ട് ഓഫീസറായി രണ്ട് വർഷത്തെ സേവനത്തിന് ശേഷമാണ് ഇന്ത്യൻ പോലീസ് സർവ്വീസിൽ ചേർന്നത്.

ഷൊർണ്ണൂർ എ.എസ്.പിയായി ആദ്യ നിയമനം. ആലത്തൂരിൽ എ.എസ്.പിയും ജോയിന്റ് എസ്.പിയുമായി ജോലി ചെയ്തു. പോലീസ് ആസ്ഥാനത്ത് അഡീഷണൽ എ.ഐ.ജി, കണ്ണൂർ ക്രൈംബ്രാഞ്ച് എസ്.പി, കൊല്ലം, തൃശ്ശൂർ എന്നിവിടങ്ങളിലെ ജില്ലാ പോലീസ് മേധാവി, പോലീസ് ആസ്ഥാനത്തെ എ.ഐ.ജി, ക്രൈംബ്രാഞ്ച് ഡി.ഐ.ജി, തൃശ്ശൂർ റേഞ്ച് ഡി.ഐ.ജി എന്നീ ചുമതലകൾ വഹിച്ചു. ആംഡ് പോലീസ് ബറ്റാലിയൻ, ട്രാഫിക്, എറണാകുളം, തൃശ്ശൂർ റേഞ്ചുകൾ, ക്രൈംബ്രാഞ്ച് എന്നിവയുടെ ഐ.ജി, ആംഡ് പോലീസ്, മോഡേണൈസേഷൻ, ദക്ഷിണമേഖല, പരിശീലന വിഭാഗം എ.ഡി.ജി.പി, കേരളാ പോലീസ് അക്കാദമി ഡയറക്ടർ എന്നീ തസ്തികകളിലും ജോലി ചെയ്തു. ഫയർ ആന്റ് റെസ്ക്യു സർവ്വീസസ് ഡയറക്ടർ ജനറലായാണ് വിരമിക്കുന്നത്.

സ്തുത്യർഹസേവനത്തിനും വിശിഷ്ട സേവനത്തിനുമുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡൽ, കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ അതി ഉത്കൃഷ്ട സേവാപഥക്, ഇന്റർനാഷണൽ അസോസിയേഷൻ ഓഫ് വുമൺ പോലീസ് അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് എതിരായ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി നിയമപാലകർക്കുള്ള കൈപ്പുസ്തകം തയ്യാറാക്കാൻ ഐക്യരാഷ്ട്രസഭയുടെ ക്ഷണം ലഭിച്ചു. ആസ്ട്രേലിയയിലെ യൂണിവേഴ്സിറ്റി ഓഫ് വോളോങോങിൽ നിന്ന് ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റിൽ പരിശീലനം നേടി. നിരവധി സാഹിത്യകൃതികളുടെ കർത്താവാണ്. ഭർത്താവ് ഡോ.കെ.മധുകുമാർ, മകൾ ഡോ.ഹൈമ.

തിരുവനന്തപുരം സ്വദേശിയായ എസ്.ആനന്ദകൃഷ്ണൻ 1989 ബാച്ചിലെ ഐ.പി.എസ് ഓഫീസറാണ്. എം.എ സോഷ്യോളജി ബിരുദധാരിയായ അദ്ദേഹം സ്റ്റേറ്റ് ബാങ്ക് ഓഫ്

ട്രാവൻകൂർ, കാനറാ ബാങ്ക്, യൂണിറ്റ് ട്രസ്റ്റ് ഓഫ് ഇന്ത്യ എന്നിവിടങ്ങളിൽ ജോലി നോക്കിയ ശേഷമാണ് ഇന്ത്യൻ പോലീസ് സർവ്വീസിലെത്തുന്നത്.

കൽപ്പറ്റയിലും കൊല്ലത്തും എ.എസ്.പിയായും അടൂരിൽ ജോയിന്റ് എസ്.പിയായും ജോലി ചെയ്ത ശേഷം കെ.എ.പി ഒന്നാം ബറ്റാലിയൻ കമാന്റന്റ്, ഇടുക്കി, പാലക്കാട്, തൃശ്ശൂർ, കൊല്ലം, പത്തനംതിട്ട എന്നിവിടങ്ങളിൽ ജില്ലാ പോലീസ് മേധാവിയായും ജോലി ചെയ്തു. പോലീസ് ആസ്ഥാനത്ത് അഡീഷണൽ എ.ഐ.ജി, എ.ഐ.ജി, ക്രൈംബ്രാഞ്ച്, ഇന്റലിജൻസ് എന്നിവിടങ്ങളിൽ എസ്.പി, വനിതാ കമ്മീഷൻ ഡയറക്ടർ എന്നീ തസ്തികൾ വഹിച്ചു. യുണൈറ്റഡ് നാഷന്റെ അന്താരാഷ്ട്ര പോലീസ് സേനയുടെ ഭാഗമായി ബോസ്നിയ ഹെഴ്സ ഗോവിനയിലും ജോലി ചെയ്തു.

വിജിലൻസ്, ഇന്റലിജൻസ്, കണ്ണൂർ റേഞ്ച് എന്നിവിടങ്ങളിൽ ഡി.ഐ.ജിയായും അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ ആയും സേവനം അനുഷ്ടിച്ചു. പോലീസ് ആസ്ഥാനം, ആഭ്യന്തര സുരക്ഷ എന്നിവിടങ്ങളിൽ ഐ.ജിയായും ഇന്റലിജൻസ്, ക്രൈംബ്രാഞ്ച് പോലീസ് ആസ്ഥാനം എന്നിവിടങ്ങളിൽ എ.ഡി.ജി.പിയായും ട്രാൻസ്പോർട്ട് കമ്മീഷണർ ആയും പ്രവർത്തിച്ചു. നിലവിൽ എക്സൈസ് കമ്മീഷണർ ആണ്.

പോലീസിൽ ഫയൽ നീക്കം സുഗമമാക്കാനുള്ള ഡിജിറ്റൽ സംരംഭമായ iAPS നടപ്പിലാക്കിയതും എക്സൈസിൽ വിവിധ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതും എസ്.ആനന്ദകൃഷ്ണന്റെ നേതൃത്വത്തിലാണ്. വിശിഷ്ട സേവനത്തിനും സ്തുത്യർഹസേവനത്തിനുമുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡലുകൾ ലഭിച്ചിട്ടുണ്ട്. ആശയാണ് ഭാര്യ. ആനന്ദ ശങ്കർ, ഭദ്ര എന്നിവർ മക്കൾ.

*************************